## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 641**

**2/12/2014 ൽ മറുപടിയ്ക്ക്**

## തോട്ടണ്ടി ഇറക്കുമതി

**ചോദ്യം**

**ശ്രീ.പി.കെ.ഗുരുദാസൻ**

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(ബഹു.വ്യവസായവുംവിവര സാങ്കേതികവും വകുപ്പുമന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) തോട്ടണ്ടി ഇറക്കുമതി കുറയുന്ന എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) ഉണ്ട്. 2012-13 ൽ ഇറക്കുമതി ചെയ്ത 8,92,365 മെട്രിക് ടണ്ണിന്റെ സ്ഥാനത്ത് 2013-14 ൽ 7,71,356 മെട്രിക് ടൺ മാത്രമാണ് ഇറക്കുമതി ചെയ്തത്. ഇറക്കുമതിയിൽ പതിമൂന്നര ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) തോട്ടണ്ടി ഇറക്കുമതി കുറയുന്നതിന്റെ കാരണം വിശദ മാക്കുമോ ; | (ബി) വിയറ്റ്നാം കൂടാതെ പല ആഫ്രിക്കൻ രാജ്യങ്ങളും തോട്ടണ്ടി സംഭരണം തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളും തോട്ടണ്ടിയുടെ ഉയർന്ന വിലയും ഇറക്കുമതി കുറയാൻ മുഖ്യ കാരണങ്ങളാണ്. |

(സി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ?

(സി) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2007 ൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് (കെ.എസ്.എ.സി.സി) ക്ക് രൂപം നൽകുകയും അതുവഴി "ജൈവകശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക് " എന്ന പദ്ധതി മുഖാന്തിരം അത്യുൽപാദന ശേഷിയുള്ളതും മൂന്നാം വർഷം കായ്ക്കുന്നതുമായ മേൽത്തരം ഗ്രാഫ്റ്റ് തൈകളും വിതരണം ചെയ്തു വരികയുമാണ്.

സെക്ഷൻ ഓഫീസർ